(ഡി) കയർ മേഖലയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ എൻ.സി.ആർ.എം.ഐ.-യിൽ ആരംഭിച്ചിട്ടുണ്ട്. ഏകദേശം എൺപത് പേർക്ക് ഇരിക്കാവുന്ന ഒരു സെമിനാർ ഹാളും കൂടാതെ അറുപത് പേർക്കും അൻപതുപേർക്കും വീതം ഇരിക്കാവുന്ന രണ്ട് ക്ലാസ് മുറികളും സജ്ജമാക്കിയിട്ടുണ്ട്. കയറും അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട വിപുലമായ ഒരു ലൈബ്രറിയും സജ്ജമാക്കിയിട്ടുണ്ട്. ആധുനിക രീതിയിലുള്ള പഠനോപാധികളും എൻ.സി.ആർ.എം.ഐ.-യിൽ സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ പരിശീലനാർത്ഥികളുടെ താമസസൗകര്യത്തിനായി നാൽപത് പേർക്ക് താമസിക്കുന്നതിനുള്ള ട്രെയിനിംഗ് ഹോസ്റ്റൽ/ഗസ്റ്റ് ഹൗസ് ഉടൻ തന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്. സംസ്ഥാനത്തെ കയർ സംഘം പ്രസിഡന്റ്/സെക്രട്ടറിമാർക്ക് പരിശീലനം നൽകുന്നതിനുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

മിനിമം വേതനം

48(2300) ശ്രീ. എൻ. രാജൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇനി ഏതെങ്കിലും വിഭാഗങ്ങൾക്ക് മിനിമം വേതനം ഏർപ്പെടുത്താൻ ബാക്കിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചുവടെ ചേർത്തിട്ടുള്ള മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിക്കുകയോ ആദ്യമായി നിശ്ചയിക്കുകയോ ചെയ്തിട്ടുണ്ട്.

1. കശുവണ്ടി വ്യവസായം
2. ടിംബർ & പ്ലൈവുഡ് വ്യവസായം
3. ഓയിൽ മില്ലുകൾ
4. ഓയിൽ പാം
5. ആയുർവേദിക് & അലോപ്പതിക് മരുന്ന് നിർമ്മാണം
6. ലൈറ്റ് മോട്ടോർ വെഹിക്കിൾ
7. മലഞ്ചരക്ക് വ്യവസായം

LIBRARY ARCHIVES Kerala Legislative Assembly

8. ആനകളുടെ പരിപാലനവും സംരക്ഷണവും

9. ഓട് വ്യവസായം

10. എൽ. പി. ഗ്യാസ് വിതരണം

11. തോട്ടം മേഖല

12. കടകളും വാണിജ്യ സ്ഥാപനങ്ങളും

13. കാർഷിക പ്രവർത്തന മേഖല

14. റബ്ബർ ക്രേപ്പ് മിൽസ്

15. കൈത്തറി വ്യവസായം [(എ) പീസ് റേറ്റും & ഡെയ്‌ലി റേറ്റും (ബി) മാസവേതനം]

16. ഹോസ്റ്റലുകൾ

17. സ്വകാര്യ ആശുപത്രികളും അനുബന്ധ സ്ഥാപനങ്ങളും

18. മൈനർ എഞ്ചിനീയറിംഗ്

19. റൈസ് മിൽ, ഫ്ലോർമിൽ, ദാൽ മിൽ

20. ബ്ലോക്ക് റബ്ബർ ഫാക്ടറികൾ

21. കുട നിർമ്മാണം

22. മത്സ്യ സംസ്കരണം

23. കളിമൺ പെത്ത്

24. പ്രിന്റിംഗ് പ്രസ്സ്

25. പാറപൊട്ടിക്കൽ, പാറ ഉടയ്ക്കൽ, കെട്ടിട നിർമ്മാണം

26. സിനിമാ തിയേറ്റർ

27. റബ്ബർ അധിഷ്ഠിത വ്യവസായം

28. മെഡിക്കൽ ഷോപ്പിലെ ജീവനക്കാർ

29. ബീഡി വ്യവസായം

30. വസ്ത്ര നിർമ്മാണം

31. കൊപ്രാ നിർമ്മാണം

32. ഐസ് ഫാക്ടറികൾ

33. ഫാർമസ്യൂട്ടിക്കൽസ് മേഖലയിലെ സെയിൽസ് പ്രൊമോഷൻ ജീവനക്കാർ

LIBRARY ARCHIVES Kerala Legislative Assembly

34. ഖാദി മേഖല

35. ആഭരണ നിർമ്മാണം

36. ഗാർഹിക ജോലി

37. സ്വീപ്പിംഗ് ആന്റ് ക്ലീനിംഗ്

38. സെക്യൂരിറ്റി സർവ്വീസ്

39. ഫർണിച്ചർ വ്യവസായം

(ബി) മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തപ്പെട്ട മിനിമം വേതനം നിശ്ചയിക്കുവാൻ ബാക്കിയുള്ള താഴെ പറയുന്ന തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിക്കുന്നതിന്റെ ഭാഗമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയുടെ നിയമപ്രകാരമുള്ള തുടർനടപടികൾ പൂർത്തിയാകുന്നതോടുകൂടി മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ തൊഴിൽ മേഖലകളിലും മിനിമം വേതനം നിശ്ചയിച്ച് പ്രാബല്യത്തിൽ വരുത്താൻ കഴിയുന്നതാണ്.

1. പ്ലാസ്റ്റിക് വ്യവസായം

2. ഭക്ഷ്യസംസ്കരണം

3. പെട്രോൾ പമ്പുകൾ

4. സ്വകാര്യ ക്ഷേത്രങ്ങൾ

5. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

6. സോപ്പ് നിർമ്മാണം

7. അലുമിനിയം ആന്റ് ടിൻ ഉല്പന്നങ്ങൾ

8. ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഫീസുകൾ

9. സ്ക്രീൻ പ്രിന്റിംഗ്

10. മരം മുറിക്കലും കയറ്റിക്കൊണ്ടു പോകലും

11. ചലച്ചിത്ര ടി. വി. ചിത്ര നിർമ്മാണം

12. മാർബിൾ, ഗ്രാനൈറ്റ്

13. മരം കയറ്റം

14. ഡയമണ്ട് കട്ടിംഗ് ആന്റ് പോളിഷിംഗ്

15. കമ്പ്യൂട്ടർ സോഫ്റ്റ്വെയർ

16. സ്റ്റാർ ഹോട്ടലുകൾ

LIBRARY ARCHIVES Kerala Legislative Assembly

17. യന്ത്രവൽകൃത മത്സ്യബന്ധനം.

18. കരകൗശല മേഖല

19. ഇലക്ട്രിക് ഉപകരണങ്ങൾ, ഗൃഹോപകരണ മേഖല

20 ഇലക്ട്രോണിക് വ്യവസായം

21. ടാന്നറീസ് ആന്റ് ലതർ ഉല്പാദനം

22. വാട്ടർ ബോട്ട് ട്രാൻസ്പോർട്ട് (മറ്റ് മോട്ടോർ ട്രാൻസ്പോർട്ട് ഒഴികെ)

23. ചൂരലും മുളയും

24. ബ്രൂവറീസ്

കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ

49(T2301) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അർഹരായവർക്ക് കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ ലഭിക്കുവാൻ വരുമാനപരിധി നിശ്ചയിക്കുന്നത് നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

1998-ലെ കേരള കർഷക തൊഴിലാളി പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാനം 11,000 രൂപയാണ്. പരിമിത വരുമാനമുള്ള കർഷക തൊഴിലാളികളെ സഹായിക്കുന്നതിനായുള്ളതാണ് ഈ പദ്ധതി. അതിനാൽ വരുമാന പരിധി എടുത്തു കളയുന്ന കാര്യം പരിഗണിക്കാൻ കഴിയില്ല.

പ്രൈവറ്റ് സെക്യൂരിറ്റി മേഖലയിലെ കുറഞ്ഞ കൂലി

50(2302) ശ്രീ. കെ. ബി. ഗണേഷ് കുമാർ :

ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ് സെക്യൂരിറ്റി മേഖലയിൽ കുറഞ്ഞ കൂലി നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നിർദ്ദിഷ്ട കുറഞ്ഞ വേതനം നൽകാത്ത ഏതെല്ലാം ഏജൻസികളാണുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) കുറഞ്ഞ കൂലി നടപ്പാക്കണമെന്ന് ഏതെല്ലാം യൂണിയനുകൾ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഇതിന്മേൽ എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly